<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.993** **05.03.2020 ൽ മറുപടിക്ക്**

## <u>കാലിക്കടവ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ</u>

**<u>ചോദ്യം</u>**
**ശ്രീ.എം. രാജഗോപാലൻ**

**<u>മറുപടി</u>**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ പിലിക്കോട് കാലിക്കടവ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ആവശ്യമായ ജീവനക്കാരോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത ഈ റസ്റ്റ് ഹൗസിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി റസ്റ്റ് ഹൗസിന്റെ പ്രവർത്തനം സുഗമമാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ) & (ബി) കാലിക്കടവ് റസ്റ്റ്ഹൗസിൽ മൂന്ന് മുറികളും ഒരു എ.സി മുറിയുമടക്കം 4 മുറികൾ ഉപയോഗപ്രദമാണ്. റസ്റ്റ്ഹൗസ് ശോചനീയാവസ്ഥയിലല്ല.

കാലിക്കടവ് റസ്റ്റ്ഹൗസിൽ നിലവിൽ സ്ഥിരം ജീവനക്കാർ ഇല്ല. ഒരു കാഷ്വൽ സ്വീപ്പർ മാത്രമാണ് ഉള്ളത്. ആയതിനാൽ റസ്റ്റ് ഹൗസ് പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**